**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5256** **12-08-2021 - ൽ മറുപടിയ്ക്ക്**

**നോട്ടറി അഭിഭാഷക തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കേന്ദ്രസർക്കാർ അനുവദിച്ച എത്ര നോട്ടറി അഭിഭാഷക തസ്തികയാണുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | 1250 എണ്ണം. |
| (ബി) | സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള നോട്ടറി അഭിഭാഷക തസ്തികയിൽ വർദ്ധന വേണമെന്ന ആവശ്യം കേന്ദ്രസർക്കാരിന് മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ബി) | 06.06.2018-ൽ കേന്ദ്ര സർക്കാരിന് അന്ന് നിലവിലുണ്ടായിരുന്ന 1000 എണ്ണത്തിൽ നിന്നും 1500 എണ്ണമായി സംസ്ഥാന നോട്ടറിമാരുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന് ഒരു പ്രൊപ്പോസൽ സമർപ്പിക്കുകയും കേന്ദ്ര സർക്കാരിന്റെ 23.08.2018 തീയതിയിലെ ജി.എസ്.ആർ. 815(E) നോട്ടിഫിക്കേഷൻ പ്രകാരം 1000-ൽ നിന്നും 1250 ആയി സംസ്ഥാന നോട്ടറിമാരുടെ എണ്ണം വർദ്ധിപ്പിച്ച് നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത വിജ്ഞാപനത്തിന് ശേഷം നോട്ടറി അഭിഭാഷക തസ്തികയിൽ വർദ്ധന വേണമെന്ന ആവശ്യം കേന്ദ്ര സർക്കാരിന് മുമ്പാകെ സമർപ്പിച്ചിട്ടില്ല. |
| (സി) | നിലവിൽ ഓരോ ജില്ലയിലും അനുവദിച്ചിട്ടുള്ള നോട്ടറി അഭിഭാഷക തസ്തികകളുടെ എണ്ണം വെളിപ്പെടുത്താമോ? | (സി) | നോട്ടറി അഭിഭാഷകരുടെ തസ്തികകൾക്ക് ജില്ലതിരിച്ച് എണ്ണം നിശ്ചയിക്കപ്പെട്ടിട്ടില്ല. സംസ്ഥാനത്തിന് ലഭ്യമാകുന്ന ക്വാട്ടയിൽ നിന്ന് വിവിധ ജില്ലകളിലെ ആവശ്യാനുസരണം നിയമനം നൽകുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ